"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് - ജീവനക്കാര്യം - ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ബൈൻഡർ ഗ്രേഡ് II ശ്രീമതി.ശുഭ കെ.പി-ക്ക് ശ്രീ.ഗോകുൽ കാർത്തിക് സംവിധാനം ചെയ്യുന്ന "ഹൃദയപൂർവ്വം രാധ" എന്ന സിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഊർജ്ജ (എ) വകുപ്പ്

സ.ഉ.(സാധാ) നം.46/2024/POWER തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:-
1. ശ്രീമതി.ശുഭ കെ.പി-യുടെ 06.01.2024-ലെ അപേക്ഷ.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 27.01.2024-ലെ സി.ഇ.ഐ/8642/2023-ഇ2 നമ്പർ കത്ത്.

**ഉത്തരവ്**

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ബൈൻഡർ ഗ്രേഡ് II ശ്രീമതി.ശുഭ കെ.പി-ക്ക് ശ്രീ.ഗോകുൽ കാർത്തിക് സംവിധാനം ചെയ്യുന്ന "ഹൃദയപൂർവ്വം രാധ" എന്ന സിനിമയിൽ പ്രതിഫലം വാങ്ങാതെയും ജോലിക്ക് തടസ്സമാകാതെയും അഭിനയിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ടിയാളുടെ അപേക്ഷയിന്മേൽ പരാമർശം 2) പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശിപാർശയും ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ബൈൻഡർ ഗ്രേഡ് II ശ്രീമതി.ശുഭ കെ.പി-ക്ക് 1960- ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ആദ്യ പ്രൊവിസോയ്ക്കും, ചട്ടം 60, 62, 63 എന്നിവയിലെ വ്യവസ്ഥകൾക്കും വിധേയമായും പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സമില്ലാതെയും ശ്രീ.ഗോകുൽ കാർത്തിക് സംവിധാനം ചെയ്യുന്ന "ഹൃദയപൂർവ്വം രാധ" എന്ന സിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
തിരുവനന്തപുരം.
ശ്രീമതി.ശുഭ കെ.പി, ബൈൻഡർ ഗ്രേഡ് II, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയലം, തിരുവനന്തപുരം. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 13-03-2024 10:55:37
സെക്ഷൻ ഓഫീസർ